ഉത്തരം

(എ) നോൺ റസിഡന്റ് കേരളീയർ ആരംഭിക്കുന്ന യൂണിറ്റുകൾക്ക് പരമാവധി 5 ലക്ഷം രൂപയും മറ്റുള്ളവയ്ക്ക് പരമാവധി 2.5 ലക്ഷം രൂപയും ആണ് മാർജിൻ മണി വായ്പയായി നൽകുന്നത്. ഖാദി വ്യവസായങ്ങളുടെ ഭാഗമായി തുടങ്ങുന്ന ചെറുകിട വ്യവസായങ്ങൾക്ക് 30% മാർജിൻമണി ലഭിക്കും.

(ബി) ഉണ്ട്.

(സി) സർക്കാർ ഉത്തരവുകൾക്കനുസൃതമായി ലഭിച്ചിട്ടുള്ള അപേക്ഷകർ അംഗീകരിക്കുന്നതാണ്.

(ഡി) നോൺ റസിഡന്റ് കേരളീയർ ആരംഭിക്കുന്ന വ്യവസായ യൂണിറ്റിന് പരമാവധി 5 ലക്ഷം രൂപയും മറ്റുള്ളവയ്ക്ക് 2.5 ലക്ഷം രൂപയുമാണ്.

3 (559) ലാഭത്തിൽ പ്രവർത്തിക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങൾ

ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി :

ശ്രീ. നാലകത്തു സൂപ്പി :

ശ്രീ. പി.കെ. അബ്ദുറബ്ബ് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യ ക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1995-1996, 1996-97 കാലഘട്ടങ്ങളിൽ സംസ്ഥാനത്തെ ഏതെല്ലാം പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങൾ ലാഭത്തിൽ പ്രവർത്തിച്ചിരുന്നു. ഈ കാലഘട്ടത്തിൽ നഷ്ടത്തിൽ പ്രവർത്തിച്ചിരുന്ന സ്ഥാപനങ്ങൾ ഏതെല്ലാം;

(ബി) ഇപ്പോൾ ലാഭത്തിൽ പ്രവർത്തിക്കുന്നതും നഷ്ടത്തിൽ പ്രവർത്തിക്കുന്നതുമായ പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങൾ ഏതെല്ലാമാണെന്ന് അറിയിക്കുമോ?

ഉത്തരം

(എ) 1995-96 കാലഘട്ടത്തിൽ ലാഭത്തിൽ പ്രവർത്തിച്ചിരുന്ന പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങൾ അനുബന്ധം 1 ൽ കൊടുത്തിരിക്കുന്നു. †

1996 - 97 കാലഘട്ടത്തിൽ ലാഭത്തിൽ പ്രവർത്തിച്ചിരുന്ന പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങൾ അനുബന്ധം 2 ൽ കൊടുത്തിരിക്കുന്നു. †

1995 - 96 നഷ്ടത്തിൽ പ്രവർത്തിച്ചിരുന്ന പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങൾ അനുബന്ധം 3 ൽ കൊടുത്തിരിക്കുന്നു. †

1996 - 97 ൽ നഷ്ടത്തിൽ പ്രവർത്തിച്ചിരുന്ന പൊതുമേഖലാ സ്ഥാപനങ്ങൾ അനുബന്ധം 4 ൽ കൊടുത്തിരിക്കുന്നു. †

(ബി) ഇപ്പോൾ ലാഭത്തിൽ പ്രവർത്തിക്കുന്ന പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങൾ അനുബന്ധം-5ൽ കൊടുത്തിരിക്കുന്നു. †

ഇപ്പോൾ നഷ്ടത്തിൽ പ്രവർത്തിക്കുന്ന പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങൾ അനുബന്ധം - 6 ൽ കൊടുത്തിരിക്കുന്നു. †

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly